(ഡി) ഈ അക്രമ പ്രവർത്തനങ്ങളോടനുബന്ധിച്ച് ഏതെല്ലാം തീവ്രവാദികളെയോ തീവ്രവാദിസംഘടനാ പ്രവർത്തകരെയോ അറസ്റ്റ് ചെയ്തു ;

(ഇ) ഇവരുടെ മേൽ കേസെടുത്തുവോ ;

(എഫ്) എങ്കിൽ കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത് ?

ഉത്തരം

(എ-എഫ്) കേസന്വേഷണം നടക്കുന്നു.

**നാദാപുരം നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ അക്രമങ്ങൾ**

134 (135) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരിയിൽ നാദാപുരം നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ അക്രമങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടു ;

(ബി) എത്രപേർക്ക് പരിക്കേറ്റു ; എത്രപേർ കൂട്ടബലാൽസംഗത്തിനിരയായി ;

(സി) എത്ര വീടുകളും കച്ചവടസ്ഥാപനങ്ങളും അഗ്നിക്കിരയായി ;

(ഡി) എത്ര വീടുകൾ തകർക്കപ്പെട്ടു ; തകർക്കപ്പെട്ട വീടുകൾക്കേറ്റ കേടുപാടുകൾ എന്തെന്ന് വിശദീകരിക്കുമോ ;

(ഇ) കടകൾ തീവയ്ക്കപ്പെട്ടതുമൂലം എന്ത് നഷ്ടം ഓരോ കടക്കാർക്കും ഉണ്ടായിട്ടുണ്ട് ;

(എഫ്) വീടുകൾ തകർക്കപ്പെട്ടതുമൂലം ഓരോ വീട്ടുടമയ്ക്കും എന്ത് നഷ്ടം ഉണ്ടായിട്ടുണ്ട് ;

(ജി) എന്ത് തുകയ്ക്കുള്ള വീട്ടുപകരണങ്ങൾ ഓരോ വീട്ടിൽ നിന്നും കൊള്ളയടിക്കപ്പെടുകയോ തകർക്കപ്പെടുകയോ ചെയ്തിട്ടുണ്ട് ;

(എച്ച്) ഓരോ വീട്ടിൽനിന്നും എന്തു തുകയ്ക്കുള്ള സ്വർണ്ണാഭരണങ്ങളും രൂപയും കവർച്ച ചെയ്യപ്പെട്ടു ;

(ഐ) എത്ര വാഹനങ്ങൾക്ക് കേടുപാടുവരുത്തുകയോ അവ കത്തിക്കുകയോ ചെയ്തു ; അതുമൂലം ഉടമസ്ഥർക്ക് ഓരോരുത്തർക്കും എന്ത് നഷ്ടം വന്നിട്ടുള്ളതായി കണക്കാക്കുന്നു ;

(ജെ) ആരുടെയെല്ലാം കൃഷികളും ഫലവൃക്ഷങ്ങളും വെട്ടി നശിപ്പിച്ചിട്ടുണ്ട് ; ഇതുമൂലം ഓരോരുത്തർക്കും എന്ത് നഷ്ടം വീതമുണ്ടായിട്ടുണ്ട് ;

(കെ) നാദാപുരം നിയോജകമണ്ഡലത്തിൽ ഈ കാലയളവിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എൽ) എങ്കിൽ ഓരോരുത്തർക്കും ഉണ്ടായിട്ടുള്ള മുഴുവൻ നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകുമോ എന്ന് വിശദീകരിക്കുമോ ;

(എം) ഈ നഷ്ടപരിഹാരം എന്നേയ്ക്ക് കൊടുക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3 പേർ.

(ബി) 40 പേർക്ക് പരിക്കേറ്റു. ബലാൽസംഗം നടന്നതായി റിപ്പോർട്ടില്ല.

(സി) 17 വീടുകളും 11 കടകളും 9 മറ്റു സ്ഥാപനങ്ങളും അഗ്നിക്കിരയായി.

(ഡി-എം) അക്രമ സംഭവങ്ങളെക്കുറിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ അന്വേഷിച്ചുവരികയാണ്. അന്വേഷണം പൂർത്തിയായാലേ മറ്റു വിവരങ്ങൾ ലഭ്യമാകൂ. വീടുകളും മറ്റും വസ്തുവകകളും നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

**നീതു എന്ന കുട്ടിയുടെ അപകടമരണം**

**135 (136)** ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്തിനടുത്ത് ആവോലത്ത് ചാലപ്പുറം വണ്ണത്താൻ വീട്ടിൽ അശോകന്റെ മകൾ നീതു എന്ന കുട്ടിയുടെ അപകടമരണത്തിനുശേഷം നാദാപുരത്ത് സമാധാനം പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) ഈ നടപടികൾ പുരോഗമിക്കവെ ഈ നിയോജകമണ്ഡലത്തിൽ എന്തെല്ലാം അക്രമപ്രവർത്തനങ്ങളുണ്ടായി ;

(സി) ഇതിൽ ആരുടെയെല്ലാം വീടുകളും കടകളും തീ വച്ചു നശിപ്പിക്കപ്പെട്ടു ;

(ഡി) തീ കത്തിച്ച വീടുകൾ ഏത് രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരുടേയോ അവരുടെ അനുഭാവികളുടേയോ ആയിരുന്നു ;

(ഇ) ഈ തീവയ്പുമൂലം വീടുകളുടെ ഉടമകൾക്ക് ഓരോരുത്തർക്കും എന്തു നഷ്ടമുണ്ടായിട്ടുണ്ട് ;

(എഫ്) നീതുവിന്റെ മരണത്തിനുശേഷം എത്ര പുരയിടങ്ങളിലെ വിളകളും വൃക്ഷങ്ങളും നശിപ്പിച്ചിട്ടുണ്ട് ; ഈ പുരയിടങ്ങൾ ആരുടേതായിരുന്നു ;

(ജി) ഈ വിളകളും വൃക്ഷങ്ങളും നശിപ്പിച്ചതുമൂലം എന്ത് നഷ്ടമുണ്ടായിട്ടുണ്ട് ?



LIBRARY ARCHIVES Kerala Legislative Assembly